**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 86** **29-01-2024 - ൽ മറുപടിയ്ക്ക്**

**സൈനിക ക്ഷേമ വകുപ്പിലെ ജില്ലാ ഓഫീസർമാരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സൈനിക ക്ഷേമ വകുപ്പിൽ കാസർഗോഡ്, ഇടുക്കി, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ ഒഴിവുള്ള ജില്ലാ ഓഫീസർമാരുടെ തസ്തികകൾ അസിസ്റ്റന്റ് ജില്ലാ ഓഫീസർമാർക്ക് ഫുൾ ചാർജ്ജ് നൽകി നികത്തിയിട്ടുണ്ടോ; | (എ) | കാസർഗോഡ്, ഇടുക്കി, പാലക്കാട്, കോട്ടയം ജില്ലകളിലെ ജില്ലാ സൈനിക ക്ഷേമ ഓഫീസർമാരുടെ ഒഴിവുകളിൽ അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർക്ക് പൂർണ്ണ അധിക ചുമതല നൽകി ഒഴിവുകൾ നികത്തിയിട്ടുണ്ട്. |
| (ബി) | കണ്ണൂർ, കോഴിക്കോട്, പത്തനംതിട്ട ജില്ലകളിൽ ജില്ലാ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഒഴിവുകൾ ഉണ്ടെങ്കിൽ അടിയന്തരമായി അസിസ്റ്റന്റ് ജില്ലാ ഓഫീസർമാർക്ക് ഫുൾ ചാർജ്ജ് നൽകി ഉത്തരവാകുമോ; വിശദാശങ്ങൾ ലഭ്യമാക്കാമോ? | (സി) | കണ്ണൂർ ജില്ലാ സൈനിക ക്ഷേമ ഓഫീസറുടെ പൂർണ്ണ ചുമതല മലപ്പുറം ജില്ലാ സൈനിക ക്ഷേമ ഓഫീസർക്കും കോഴിക്കോട് ജില്ലാ സൈനിക ക്ഷേമ ഓഫീസറുടെ പൂർണ്ണ ചുമതല വയനാട് ജില്ലാ സൈനിക ക്ഷേമ ഓഫീസർക്കും പത്തനംതിട്ട ജില്ലാ സൈനിക ക്ഷേമ ഓഫീസറുടെ പൂർണ്ണ ചുമതല ആലപ്പുഴ ജില്ലാ സൈനിക ക്ഷേമ ഓഫീസർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ